# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.691 — 27.04.2017-ൽ മറുപടിയ്ക്ക്

### കലാഭവൻമണിയുടെ ഓർമ്മയ്ക്കായി സ്മാരകം

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി

(എ) അന്തരിച്ച പ്രമുഖ സിനിമാനടൻ കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി ചാലക്കുടിയിൽ സ്മാരകം നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഫോക്‌ലോർ അക്കാദമിയുടെ ഉപകേന്ദ്രമായി പ്രസ്തുത സ്മാരകം രൂപപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും കേരള ഫോക്‌ലോർ അക്കാദമിയുടെ ഉപകേന്ദ്രമായി ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം സ്ഥാപിക്കുന്നതിന്, കേരള ഫോക്‌ലോർ അക്കാദമിക്ക് 2016-2017 ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സാംസ്കാരിക വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എങ്കിലും സ്മാരക നിർമ്മാണത്തിനാവശ്യമായ സ്ഥലവും ഭൗതിക സാഹചര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല. ചാലക്കുടിയിൽ കലാഭവൻമണി സ്മാരകം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്മാരകത്തിനായുള്ള സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തുവാൻ, കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ